# SSLC EXAMINATION, MARCH - 2019

## PHYSICS

(Malayalam)

Time : 1½ Hours | Total Score : 40

**പൊതു നിർദ്ദേശങ്ങൾ :**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.
- ചോദ്യങ്ങളും നിർദ്ദേശങ്ങളും ശരിയായി വായിച്ചതിനുശേഷം ഉത്തരം എഴുതുക.
- ചോദ്യങ്ങൾ 1, 2, 3, 4 സ്കോർ വീതമുള്ള **A, B, C, D** എന്നീസെക്ഷനുകളായാണ് നൽകിയിരിക്കുന്നത്.
- ഓരോ വിഭാഗത്തിലും 5 ചോദ്യങ്ങൾ വീതം ഉണ്ട്. അവയിൽ **ഏതെങ്കിലും** 4 എണ്ണത്തിന് ഉത്തരം എഴുതുക.
- ഓരോ ചോദ്യത്തിനും സമയക്രമം പാലിച്ച് ഉത്തരമെഴുതുക.

Score

### സെക്ഷൻ - A

(**ഏതെങ്കിലും** 4 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ചോദ്യത്തിനും 1 സ്കോർ വീതം.)

1. ഒരു മാധ്യമത്തിലെ തരംഗത്തിന്റെ ആവൃത്തിയും തരംഗദൈർഘ്യവും തമ്മിലുള്ള ബന്ധമെന്ത് ? **1**
2. ഡിസ്ചാർജ് ലാമ്പിൽ നൈട്രജൻ വാതകം ഉപയോഗിച്ചാൽ ലഭിക്കുന്ന പ്രകാശത്തിന്റെ നിറമെന്ത് ? **1**
3. ഗൃഹവൈദ്യുതീകരണ സെർക്കീട്ടിൽ വാട്ട് അവർ മീറ്ററിന്റെ ഉപയോഗം എന്ത് ? **1**
4. ആഗോള താപനത്തിനുള്ള ഒരു കാരണമെഴുതുക. **1**
5. ഉചിതമായി പൂരിപ്പിക്കുക. **1**
   മജന്ത +............→ വെള്ള

### സെക്ഷൻ - B

(**ഏതെങ്കിലും** 4 എണ്ണത്തിന് മാത്രം ഉത്തരമെഴുതുക. ഓരോ ചോദ്യത്തിനും 2 സ്കോർ വീതം.)

6. തരംഗങ്ങളുമായി ബന്ധപ്പെട്ട ചില പ്രസ്താവനകൾ ചുവടെ കൊടുത്തിരിക്കുന്നു. അനുയോജ്യമായി പട്ടികപ്പെടുത്തുക. **2**
   (i) കണികകൾ തരംഗത്തിന്റെ പ്രേഷണ ദിശക്ക് സമാന്തരമായി കമ്പനം ചെയ്യുന്നു.
   (ii) ഖര വസ്തുക്കളുടെയും ദ്രാവകങ്ങളുടെയും ഉപരിതലത്തിൽ രൂപം കൊള്ളുന്നു.
   (iii) ശൃംഗങ്ങളും ഗർത്തങ്ങളും ഉണ്ടാകുന്നു.
   (iv) ഉച്ചമർദ്ദമേഖലകളും നീചമർദ്ദമേഖലകളും ഉണ്ടാകുന്നു.

| അനുദൈർഘ്യ തരംഗങ്ങൾ | അനുപ്രസ്ഥ തരംഗങ്ങൾ |
|---|---|
| | |

P.T.O.

Score

7. ചുവടെ കൊടുത്ത പ്രസ്താവനകളിൽ തെറ്റുള്ളവ കണ്ടെത്തി അടിവരയിട്ട ഭാഗത്ത് ആവശ്യമായ മാറ്റം വരുത്തി എഴുതുക.

(a) ഹീറ്റിങ് കോയിലുകൾ നിർമ്മിക്കാൻ ഉപയോഗിക്കുന്ന പദാർത്ഥങ്ങൾക്ക് ഉയർന്ന റെസിസ്റ്റിവിറ്റിയും താഴ്ന്ന ദ്രവണാങ്കവുമുണ്ടായിരിക്കും. 1

(b) ഇൻകാൻഡസെന്റ് ലാമ്പുകളിൽ ഫിലമെന്റിന്റെ ബാഷ്പീകരണം കുറയ്ക്കാൻ കുറഞ്ഞ മർദ്ദത്തിൽ ഹൈഡ്രജനോ, നൈട്രജനോ ഉപയോഗിക്കുന്നു. 1

8. ഗൃഹവൈദ്യുതോപകരണങ്ങളിൽ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനായി ത്രീ പിൻ പ്ലഗുകൾ ഉപയോഗിക്കുന്നു.

(a) എർത്ത് പിൻ മറ്റു പിന്നുകളിൽ നിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു ? 1

(b) എർത്ത് ലൈൻ ഉപകരണത്തിന്റെ ഏത് ഭാഗവുമായിട്ടാണ് ബന്ധിപ്പിച്ചിരിക്കുന്നത് ? 1

9. ചുവടെ കൊടുത്ത ദൈനംദിന അനുഭവങ്ങൾ ശാസ്ത്രതത്വങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കുക.

(a) റേഡിയേറ്ററുകളിൽ കൂളന്റായി ജലത്തോടൊപ്പം പ്രൊപ്പലീൻ ഗ്ലൈക്കോൾ ചേർക്കുന്നു. 1

(b) തിളച്ച വെള്ളം കൊണ്ടുള്ള പൊള്ളലിനേക്കാൾ ഹാനികരമാണ് അതേ താപനിലയിലുള്ള നീരാവികൊണ്ടുള്ള പൊള്ളൽ. 1

10. CNG യും LNG യും പ്രകൃതിവാതകങ്ങളാണ്.


(a) ഇവയിൽ അടങ്ങിയിരിക്കുന്ന മുഖ്യഘടകം ഏത് ? 1

(b) CNG യെ അപേക്ഷിച്ച് LNG യുടെ ഒരു മേന്മ എന്ത് ? 1

## സെക്ഷൻ - C

(**ഏതെങ്കിലും 4** എണ്ണത്തിന് മാത്രം ഉത്തരമെഴുതുക. ഓരോ ചോദ്യത്തിനും **3** സ്കോർ വീതം.)

11. ചുവടെ കൊടുത്ത സെർക്കീട്ട് ഡയഗ്രം നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഒരേ പോലെയുള്ള ബൾബുകളും കോയിലുകളുമാണ് ഉപയോഗിച്ചിരിക്കുന്നത്.




(a) രണ്ട് സെർക്കീട്ടുകളും ഓൺ ചെയ്ത് വെച്ചിരുന്നാൽ ഏത് ബൾബിനായിരിക്കും പ്രകാശം കൂടുതൽ. എന്തുകൊണ്ട് ? 2


(b) കോയിലുകളിൽ പച്ചിരുമ്പു ദണ്ഡുകൾ വെച്ചാൽ A യിലെയും B യിലെയും പ്രകാശ തീവ്രതയിൽ എന്തു മാറ്റമുണ്ടാകും ? 1

Score

12\. (a) 240 V AC ഇൻപുട്ട് വോൾട്ടേജിൽ പ്രവർത്തിക്കുന്ന ഒരു ട്രാൻസ്ഫോമറിന്റെ സെക്കൻഡറിയിൽ 80 ചുറ്റുകളും പ്രൈമറിയിൽ 800 ചുറ്റുകളും ഉണ്ട്. ഈ ട്രാൻസ്ഫോമറിന്റെ ഔട്ട്പുട്ട് വോൾട്ടത എത്ര ? 2

(b) ട്രാൻസ്ഫോമറിന്റെ ഏത് കോയിലിലാണ് വണ്ണം കൂടിയ കമ്പികൾ ഉപയോഗിച്ചിരിക്കുന്നത്. 1

13\. ഒരു വിതരണ ട്രാൻസ്ഫോമറിലെ ഔട്ട്പുട്ട് ലൈനുകളുടെ ക്രമീകരണമാണ് ചിത്രത്തിൽ കാണിച്ചിരിക്കുന്നത്.




(a) ഈ ക്രമീകരണത്തിന്റെ പേരെന്ത് ? 1

(b) ഏതെങ്കിലും 2 ഫേസ് ലൈനുകളിലെ പൊട്ടൻഷ്യൽ വ്യത്യാസം എന്ത് ? 1

(c) തറയിൽ നിന്നുകൊണ്ട് ന്യൂട്രൽ ലൈനിൽ തൊടുന്നയാൾക്ക് ഇലക്ട്രിക് ഷോക്ക് ഏൽക്കാത്തതെന്തുകൊണ്ട്? 1


14\. ചുവടെ കൊടുത്ത ക്രമമനുസരിച്ച് പ്രകാശത്തിന്റെ വിസരണം കാണിക്കുന്നതിന്റെ പരീക്ഷണം വിവരിക്കുക.

(a) സാമഗ്രികളുടെ ലിസ്റ്റ് തയ്യാറാക്കുക 1

(b) പരീക്ഷണ ക്രമം എഴുതുക. 2

exam WINNER

15\. സൂര്യപ്രകാശം ജലകണികയിൽ കൂടി കടന്നുപോകുമ്പോൾ പ്രകീർണനം നടക്കുന്നതിന്റെ രേഖാ ചിത്രമാണ് ചുവടെ കൊടുത്തത്.




(a) X - സൂചിപ്പിക്കുന്ന നിറമെന്ത് ? 1

(b) പ്രകാശ രശ്മി ജലകണികയിലൂടെ കടന്നുപോകുമ്പോൾ എത്ര പ്രാവശ്യം അപവർത്തനം സംഭവിക്കുന്നു ? 1

(c) മഴവില്ല് വൃത്താകൃതിയിൽ കാണുന്ന ഒരു സന്ദർഭം എഴുതുക. 1

Score

## സെക്ഷൻ - D

(ഏതെങ്കിലും 4 എണ്ണത്തിന് മാത്രം ഉത്തരമെഴുതുക. ഒരോ ചോദ്യത്തിനും 4 സ്കോർ വീതം.)

16. (a) അനുരണനവും പ്രതിധ്വനിയും തമ്മിലുള്ള വ്യത്യാസമെന്ത് ? 1

(b) ജലോപരിതലത്തിലുള്ള ഒരു കപ്പലിൽ നിന്നുള്ള ശബ്ദ സിഗ്നൽ കടലിന്റെ അടിത്തട്ടിൽ തട്ടി 6 സെക്കന്റിനുശേഷം കപ്പലിലേക്ക് തിരിച്ചെത്തുന്നു ജലത്തിൽ ശബ്ദവേഗം 1500 m/s ആണ്. കടലിന്റെ ആഴം കണക്കാക്കുക. 2

(c) വായുവിൽ പ്രതിധ്വനി കേൾക്കാനുള്ള കുറഞ്ഞ ദൂരം എത്ര ? 1

17. 920 W, 230 V എന്ന് രേഖപ്പെടുത്തിയ ഒരു ഹീറ്റർ 230 V സപ്ലൈയുമായി ബന്ധിപ്പിച്ചിരിക്കുന്നു.

(a) ഹീറ്ററിലൂടെയുള്ള കറന്റ് കണക്കാക്കുക. 1

(b) 5 മിനുട്ട് കൊണ്ട് ഉൽപാദിപ്പിക്കുന്ന താപം കണക്കാക്കുക. 2


(c) ഹീറ്ററിന്റെ പ്രതിരോധം മാറ്റാതെ പവർ എങ്ങനെ മാറ്റാം ? 1

18. വേനൽക്കാലങ്ങളിൽ മഞ്ഞുരുകി വെള്ളപ്പൊക്കമുണ്ടാകാറുണ്ട്.

(a) മഞ്ഞുമലകൾ മുഴുവനായും ഒരുമിച്ച് ഉരുകി ജലമായി മാറുന്നില്ല. 2

(b) ഐസ് ഉരുകുമ്പോൾ അതിലെ തന്മാത്രകളുടെ സ്ഥിതി കോർജത്തിന് എന്ത് മാറ്റമുണ്ടാകുന്നു ? കാരണം വിശദമാക്കുക. 2

19. ചുവടെ കൊടുത്ത ഫുൾവേവ് റെക്റ്റിഫയറിന്റെ ചിത്രം വിശകലനം ചെയ്ത് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




(a) Q എന്ന ഘടകം എന്തിനെ സൂചിപ്പിക്കുന്നു ? 1

(b) ഈ റെക്റ്റിഫയറിന്റെ ഔട്ട്പുട്ട് വോൾട്ടേജ് - സമയ ഗ്രാഫ് വരയ്ക്കുക. 1

(c) സെർക്കീട്ടിൽ നിന്നും Q എന്ന ഘടകം മാറ്റിയാൽ ലഭിക്കുന്ന ഔട്ട്പുട്ട് വോൾട്ടേജ്-സമയ ഗ്രാഫ് എപ്രകാരമായിരിക്കും ? എന്തുകൊണ്ട് ? 2

20. (a) ഹൈഡ്രജന് വളരെ ഉയർന്ന കലോറികമൂല്യം ഉണ്ടെങ്കിലും ഗാർഹിക ഇന്ധനമായി ഉപയോഗിക്കുന്നില്ല. എന്തുകൊണ്ട് ? 1

(b) ഹൈഡ്രജൻ ഇന്ധനമായി ഉപയോഗിക്കുന്ന ഏതെങ്കിലും ഒരു സന്ദർഭം എഴുതുക. 1

(c) ഒരു നല്ല ഇന്ധനത്തിന് ഉണ്ടാകേണ്ട 4 ഗുണങ്ങൾ എഴുതുക. 2

-oOo-